*ഹയർ സെക്കൻഡറി വിദ്യാഭ്യാസ*
*ഡയറക്ടറുടെ കാര്യാലയം*
*തിരുവനന്തപുരം 1*

*നം. ഐ.സി.റ്റി. സെൽ/01/26243/എച്ച്.എസ്.ഇ./2008* *സെപ്തംബർ 29 ,2009*

# സർക്കുലർ

*വിഷയം:* *ഐ.സി.റ്റി. ഇൻ സ്കൂൾ സ്കീം- ബ്രോഡ്ബാന്റ് ലഭ്യതക്കായി ടെലിഫോൺ കണക്ഷൻ എടുക്കുന്നത് സംബന്ധിച്ച്-*

സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയിഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ഐ.സി.റ്റി. സ്കീം നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. സ്കീമിൽ ഉൾപെട്ടിട്ടുള്ള സ്കൂളുകളിൽ സ്കീമിന്റെ ഭാഗമായി ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ നൽകിവരുന്നു. എന്നാൽ ചില സ്കൂളുകളിൽ ഹയർ സെക്കൻഡറി വിഭാഗത്തിന് പ്രത്യേകമായി ബി.എസ്.എൻ.എൽ. ടെലിഫോൺ കണക്ഷനില്ലാത്തത് മൂലം ബ്രോഡ്ബാന്റ് നൽകുവാൻ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഹൈസ്കൂൾ വിഭാഗത്തിന്റെ ടെലിഫോൺ നമ്പറുകൾ ഉപയോഗിച്ച് ഹൈസ്കൂൾ വിഭാഗത്തിന് തന്നെ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുള്ളത് കൊണ്ട് അതേ നമ്പർ വീണ്ടും ഉപയോഗിക്കാൻ കഴിയില്ല. ആയതിനാൽ ഐ.സി.റ്റി. സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള, ഇതുവരെ ബ്രോഡ്ബാന്റ് ലഭിക്കാത്ത സർക്കാർ/സർക്കാർ എയിഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽമാർ എത്രയും പെട്ടെന്ന് ഹയർസെക്കൻഡറി വിഭാഗത്തിന് മാത്രമായി ബി.എസ്.എൻ.എൽ. ലാന്റ്ഫോൺ കണക്ഷൻ എടുക്കുകയും ഫോൺ നമ്പർ(എസ്.ടി.ഡി. കോഡ് സഹിതം) ഐ.സി.ടി. സെല്ലിലേക്ക് മെയിൽ ചെയ്യുകയും വേണം. സ്കൂളുകൾ ടെലിഫോൺ കണക്ഷന്റെ ചെലവുകൾ പി.റ്റി.എ. ഫണ്ട് മുതലായവയിൽ നിന്ന് കണ്ടെത്തണം. ബ്രോഡ്ബാന്റിന്റെ ചെലവുകൾ പൂർണമായും സർക്കാർ വഹിക്കുന്നതാണ്.

**ഡയറക്ടർ**

ഓരോ ജില്ലയിലെയും സ്കൂളുകൾ ഫോൺ നമ്പരുകൾ അയയ്ക്കേണ്ട
ഇ-മെയിൽ വിലാസങ്ങൾ താഴെ സൂചിപ്പിക്കുന്നു.

| Sl. No | District Name | Email - ID |
|---|---|---|
| 1 | THIRUVANANTHAPURAM | highsectvm@gmail.com |
| 2 | KOLLAM | highsecklm@gmail.com |
| 3 | PATHANAMTHITTA | highsecpta@gmail.com |
| 4 | ALAPUZHA | highsecalp@gmail.com |
| 5 | KOTTAYAM | highsecktm@gmail.com |
| 6 | IDUKKI | highsecidk@gmail.com |
| 7 | ERNAKULAM | highsecekm@gmail.com |
| 8 | THRISSUR | highsectsr@gmail.com |
| 9 | PALAKKAD | highsecplkd@gmail.com |
| 10 | MALAPURAM | highsecmlpm@gmail.com |
| 11 | KOZHIKODE | highseckkd@gmail.com |
| 12 | WAYANAD | highsecwyd@gmail.com |
| 13 | KANNUR | highsecknr@gmail.com |
| 14 | KASARGOD | highsecksd@gmail.com |